

എസ് ഹരികിഷോർ ഐ.എ.എസ്

# നഗരങ്ങൾക്കായി നൂതന പദ്ധതികൾ

നഗരങ്ങളിലെ വരുമാനം കുറഞ്ഞവർക്കായി വിവിധ ഉപജീവന പദ്ധതികളും ജീവനോപാധികൾ മെച്ചപ്പെടുത്താനുള്ള മാർഗങ്ങളും ഉൾക്കൊള്ളുന്ന കേന്ദ്രപദ്ധതിയായ ദേശീയ നഗര ഉപജീവന ദൗത്യം കേരളത്തിൽ നടപ്പിലാക്കുന്നത് കുടുംബശ്രീ വഴിയാണ്. അയൽക്കൂട്ടങ്ങൾ ശക്തിപ്പെടുത്താ നും പുതിയവ രൂപീകരിക്കാനും തൊഴിൽ, നൈ പുണ്യ പരിശീലനങ്ങൾ നൽകാനും, തെരുവു കച്ചവടക്കാരുടെ പുനർ വിന്യാസവും നഗരങ്ങളിൽ അഭയകേന്ദ്രങ്ങൾ സ്ഥാപിക്കാനുമൊക്കെ ദേശീയ നഗര ഉപജീവന ദൗത്യം (എൻ.യു.എൽ.എം) വഴി ലക്ഷ്യമിടുന്നു.

2017-18 സാമ്പത്തിക വർഷം എൻ.യു.എൽ.എം പദ്ധതി നടപ്പിലാക്കുന്നതിൽ മികച്ച പ്രവർത്തന മാണ് ടീം കുടുംബശ്രീ കാഴ്ചവച്ചത്. എൻ.യു. എൽ.എമ്മിന്റെ സമസ്ത മേഖലകളിലും മാറ്റങ്ങൾ വരുത്താനും പുതിയ തുടക്കം കുറിക്കാനും സാധിച്ചു. ദേശീയ തലത്തിൽ ഈ പ്രവർത്തനത്തിന് അംഗീകാരം ലഭിച്ചത് അഭിമാനിക്കാവുന്ന കാര്യ മാണ്. നല്ല പ്രവർത്തനം കാഴ്ചവച്ചതിന് ദേശീയ തലത്തിൽ സമ്മാനിതരായ മൂന്ന് സംസ്ഥാനങ്ങ ളിൽ ഒന്നായി കേരളം മാറി. കൂടാതെ എൻ.യു. എൽ.എമ്മിൽ മറ്റു സംസ്ഥാനങ്ങളെ സഹായിക്കാ നും മാർഗനിർദ്ദേശം നൽകാനും കുടുംബശ്രീക്ക് ക്ഷണം ലഭിക്കുകയും ചെയ്തു.

തെരുവു കച്ചവടക്കാരെ പുനരധിവസിപ്പിക്കാൻ പ്രത്യേക പദ്ധതി എൻ.യു.എൽ.എമ്മിന്റെ ഭാഗമായി ഉണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ തെരുവുകച്ചവടക്കാരുടെ സർവേ പൂർത്തിയാക്കാൻ കുടുംബശ്രീക്ക് സാധിച്ചു. 21649 തെരുവു കച്ചവടക്കാർ 93 നഗരസഭകളിലായി ഉണ്ടെന്ന് പ്രാഥമിക കണക്കുകൾ സൂചിപ്പിക്കുന്നു. ഇനിയും രജിസ്റ്റർ ചെയ്യാത്തവർക്ക് രജിസ്റ്റർ ചെയ്യാൻ അവസരവുമുണ്ട്. ഇവരിൽ 8670 പേർക്ക് തിരിച്ചറിയൽ കാർഡ് ഇതിനോടകം നൽകിക്കഴിഞ്ഞു.

സാധ്യമായ നഗരങ്ങളിലെല്ലാം ആവശ്യമെങ്കിൽ തെരുവു കച്ചവടക്കാരെ പുനർവിന്യസിക്കാ നും പ്രത്യേക കച്ചവട മേഖല (Street Vending Zone) നിർമിച്ച് മെച്ചപ്പെട്ട സൗകര്യങ്ങൾ നൽകാ നും എൻ.യു.എൽ.എം പദ്ധതിയിൽ വിഭാവനം ചെയ്യുന്നുണ്ട്. ഇത്തരത്തിൽ പ്രത്യേക കച്ചവട മേഖല ഉണ്ടാക്കാൻ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ കുടുംബശ്രീ വഴി ചെയ്യാൻ സാധിക്കുമെന്നതിനാൽ പ്രോജക്ട് പ്രൊപ്പോ സൽ നൽകാൻ എല്ലാ നഗരസഭകളോടും ആവ ശ്യപ്പെട്ടിട്ടുണ്ട്. പ്രോജക്ടുകൾ ലഭ്യമാകുന്ന മുറ യ്ക്ക് നടപടി സ്വീകരിക്കാൻ സാധിക്കും. കൂടാതെ തെരുവു കച്ചവടക്കാർക്ക് തങ്ങളുടെ അറിവിന്റെ അടിസ്ഥാനത്തിൽ സർട്ടിഫിക്കറ്റ് നൽകാനും (recognition of prior learning) പദ്ധതിയുടെ ഭാഗമായി ചെയ്യാൻ ഉദ്ദേശിക്കുന്നു.

നൈപുണ്യ പരിശീലനം നേടി മികച്ച തൊഴിൽ കരസ്ഥമാക്കാൻ ആഗ്രഹിക്കുന്ന നഗരവാസികൾക്ക് സൗജന്യ പരിശീലനം നൽകാൻ എൻ.യു.എൽ.എം പദ്ധതി നിലവിലുണ്ട്. നിലവിൽ 45 പരിശീലന ഏജൻസികളെ എം പാനൽ ചെയ്ത് വൈവിധ്യമാർന്ന 73 കോഴ്സുകൾ കുടുംബശ്രീ വഴി നൽകുന്നു. 2017-18 സാമ്പത്തിക വർഷത്തിൽ നഗരപ്രദേശങ്ങളിലെ 15,000-ലധികം യുവതീയുവാക്കൾക്ക് സൗജന്യ നൈപുണ്യ പ രിശീലനം നൽകാൻ സാധിച്ചത് അഭിമാനിക്കാ വുന്ന നേട്ടമാണ്. പരിശീലനം നൽകുന്നവരിൽ 70% പേർക്കും തൊഴിൽ ലഭ്യമാക്കുന്ന രീ തിയിലാണ് പരിശീലന ഏജൻസികൾ കരാ റിൽ ഏർപ്പെട്ടത് എന്നതിനാൽ പരിശീലനം നേടിയവർക്ക് ആദ്യജോലി ഒരു വലിയ കടമ്പയാ കില്ല എന്നും ഉറപ്പാണ്.

നൈപുണ്യ പരിശീലനത്തിൽ തൽപരരായി വരുന്നത് കൂടുതലായും 35 വയസിൽ താഴെ യുള്ളവരാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു.

ഇത്തരക്കാർക്ക് ജോലി ലഭിക്കുന്നത് ഒരുപക്ഷേ മറ്റ് സ്ഥലങ്ങളിലായിരിക്കും. ഇപ്രകാരം സ്ഥലംമാറ്റത്തിൽ താൽപര്യമില്ലാത്ത എന്നാൽ തൊഴിൽ നേടാൻ ആഗ്രഹമുള്ളവർക്കായി സ്വയംതൊഴിൽ പരിശീലനവും വായ്പ ലഭ്യമാക്കാനുള്ള കൈത്താങ്ങും, തൊഴിൽ സംരംഭം ആരംഭിച്ചാൽ വിപണന സഹായവും തുടർ പരിശീലനവുമെല്ലാം കുടുംബശ്രീ എൻ.യു.എൽ.എം പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ട്.

സംരംഭ മേഖലയിൽ നഗരങ്ങളിൽ വളരെയധികം അവസരങ്ങളാണ് വന്നുചേരുന്നത്. സേവന മേഖലയിലും ഉല്പാദന മേഖലയിൽ അവസരങ്ങൾ ഒരുപോലെയുണ്ട്. കുടുംബശ്രീയിലെ വ്യക്തിഗത സംരംഭകരും സംരംഭ കൂട്ടായ്മകളും നൂതന ആശയങ്ങൾ സംരംഭമാക്കാനും പുതിയ മേഖലകളിലേക്ക് പ്രവർത്തനം വ്യാപിപ്പിക്കാനും നല്ല രീതിയിൽ ശ്രമിക്കുന്നുവെന്നത് അഭിനന്ദനാർഹമാണ്. 2017-18 സാമ്പത്തിക വർഷത്തിൽ കുപ്പിവെള്ളം ഉൽപാദിപ്പിക്കുന്ന റിവേഴ്സ് ഓസ്മോസിസ് പ്ലാന്റുകൾ, ടെയ്ക് എവേ കൗണ്ടറുകൾ, നഗര സേവന ടീമുകൾ, ഹൗസ് കീപ്പിംഗ് സേവന ടീമുകൾ, കെട്ടിടനിർമാണ രംഗത്ത് പ്രവർത്തിക്കുന്ന ഗ്രൂപ്പുകൾ, ഇവന്റ് മാനേജ്മെന്റ് ഗ്രൂപ്പുകൾ, കാറ്ററിംഗ് യൂണിറ്റുകൾ, എൽ.ഇ.ഡി ബൾബ് നിർമാണം, കാന്റീൻ യൂണിറ്റുകൾ, പവർ ലോൺട്രി തുടങ്ങി വ്യത്യസ്ത മേഖലകളിൽ പുതിയ യൂണിറ്റുകൾ ആരംഭിച്ചുകഴിഞ്ഞു. സാനിറ്ററി നാപ്കിൻ നിർമാണം, എ.ബി.സി യൂണിറ്റുകൾ, തുണിസഞ്ചി നിർമാണം, സൂപ്പർ മാർക്കറ്റുകൾ, ഗ്രോസറി യൂണിറ്റുകൾ, ഹരിത കർമ സേനകൾ തുടങ്ങി നഗരസഭകളുമായി സംയോജിച്ച് പ്രവർത്തിക്കുന്ന യൂണിറ്റുകളും കുറവല്ല. നൂതന സംരംഭങ്ങൾ തുടങ്ങി മികച്ച വരുമാനം ആഗ്രഹിക്കുന്ന എല്ലാവർക്കും കുടുംബശ്രീയുടെ കുടക്കീഴിലേക്ക് വരാൻ സാധിക്കും.

നഗരങ്ങളിൽ സാമൂഹ്യ സേവന രംഗത്തും വിവിധ പദ്ധതികൾ വഴി കുടുംബശ്രീയുടെ തണൽ വ്യാപിപ്പിക്കുന്നുണ്ട്. അഗതിരഹിത കേരളം പദ്ധതി വഴി അഗതി കുടുംബങ്ങളെ പുനരധിവസിപ്പിക്കാൻ വേണ്ട പദ്ധതി അംഗീകാരം ലഭിക്കുന്ന അവസാന ഘട്ടത്തിലാണ്. മാനസിക വെല്ലുവിളികൾ ഉള്ള കുട്ടികളെ പുനരധിവസിപ്പിക്കാൻ ബഡ്സ് സ്കൂളുകൾ തുടങ്ങാൻ നഗരസഭകൾക്ക് കുടുംബശ്രീ വഴി ധനസഹായം നൽകുന്നു. ഇതുകൂടാതെ നഗരങ്ങളിൽ കടത്തിണ്ണകളിൽ അന്തിയുറങ്ങുന്നവരെ പുനരധിവസിപ്പിക്കാൻ വേണ്ടി ഒരു പദ്ധതി എൻ.യു.എൽ.എമ്മിന്റെ ഭാഗമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഇതിന്റെ ഭാഗമായി 2017-18 സാമ്പത്തിക വർഷത്തിൽ നഗരങ്ങളിൽ ഒരു രാത്രി സർവേ നടത്തുകയും 2000-ഓളം തെരുവിൽ അന്തിയുറങ്ങുന്നവർ ഉണ്ടെന്ന് കണ്ടെത്തുകയും ചെയ്തു. ഇവർക്കായി അഭയകേന്ദ്രങ്ങൾ തുടങ്ങാൻ നഗരസഭകൾക്ക് പദ്ധതിയുണ്ടെങ്കിൽ അത്തരം ഷെൽട്ടർ ഹോമുകൾക്കായി ധനസഹായം നൽകാൻ എൻ.യു.എൽ.എമ്മിൽ സാധ്യതയുണ്ട്.

കുടുംബശ്രീയുടെ അടിത്തറ സംഘടനാ സംവിധാനമാണല്ലോ. സംഘടനയെ ശാക്തീകരിക്കാനും, പ്രവർത്തനം കുറഞ്ഞ അയൽക്കൂട്ടങ്ങളെ കണ്ടെത്തി പ്രവർത്തനസജ്ജമാക്കാനും, പുതിയ അയൽക്കൂട്ടങ്ങളുണ്ടാക്കി നഗരദരിദ്രർക്കായി സാമ്പത്തിക ശാക്തീകരണ പദ്ധതികൾ നടപ്പിലാക്കാനും എൻ.യു.എൽ.എം വിഭാവനം ചെയ്യുന്നു. എൻ.യു.എൽ.എം പ്രവർത്തനങ്ങൾ അർഹരായ എല്ലാവരിലേക്കും എത്തിക്കാനും, നഗരദരിദ്രർ കുടുംബശ്രീ സംവിധാനത്തിൽ ഇല്ലെങ്കിൽ അവരെ കണ്ടെത്തി കുടുംബശ്രീയുടെ ഭാഗമാക്കാനും, താൽപര്യമുള്ള എല്ലാവരിലേക്കും നൈപുണ്യ പരിശീലനം എത്തിക്കാനും, സ്വയംതൊഴിൽ സംരംഭങ്ങൾ തുടങ്ങാൻ കൂടുതൽ അയൽക്കൂട്ടാംഗങ്ങൾക്ക് പ്രോത്സാഹനം നൽകാനും ലക്ഷ്യമിട്ട് “സ്പർശം“ എന്ന പേരിൽ കേരളത്തിലെ എല്ലാ നഗരങ്ങളിലും ഒരു സമഗ്ര ക്യാമ്പയിൻ 2017 ജനുവരിയിൽ വിഭാവനം ചെയ്തു. എ.ഡി.എസ്, അയൽക്കൂട്ട മീറ്റിംഗുകൾ വിളിച്ച് അംഗങ്ങളിൽ നിന്നും വിവരശേഖരണം നടത്തിയ ശേഷം അർഹരായവരിലേക്കെത്താൻ ''സ്പർശം''ക്യാമ്പയിൻ വഴി ലക്ഷ്യമിടുന്നു. ഇപ്പോൾ സ്പർശം ക്യാമ്പയിൻ അവസാന ഘട്ടത്തിലാണ്. 2018 ഏപ്രിൽ 15-ഓടെ ക്യാമ്പയിൻ പൂർത്തീകരിച്ച ശേഷം ലഭിക്കുന്ന വിവരങ്ങൾ അടിസ്ഥാനമാക്കിയായിരിക്കും അടുത്ത വർഷത്തെ പദ്ധതികൾ ആസൂത്രണം ചെയ്യുക. വിവിധ പദ്ധതികളിലൂടെ നഗരപ്രദേശത്ത് സമഗ്ര മാറ്റമുണ്ടാക്കാനും ഉപജീവന പദ്ധതികൾ തുടങ്ങാനും ദാരിദ്ര്യലഘൂകരണം സാധ്യമാക്കാനും വിഭാവനം ചെയ്യുന്ന കുടുംബശ്രീ പദ്ധതികളെ കുറിച്ച് ഈ ലക്കത്തിൽ വിശദമായി മനസിലാക്കാം. പദ്ധതികൾ കൂടുതൽ ആളുകളിലേക്ക് എത്തിക്കാം.